-

**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം
ജഗതി, തിരുവനന്തപുരം
Email Id: dirdhse.dge@kerala.gov.in
ഫോൺ നമ്പർ :0471 2580756

എച്ച്.എസ്.ഇ/ 1118 /2022– എഡി ബി5 തീയതി : 15-07-2025

## കാരണം കാണിക്കൽ നോട്ടീസ്

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി സ്കൂൾ ജൂനിയർ കെമിസ്ട്രി അധ്യാപിക ശ്രീമതി ജിൻസി എസ് ന് നൽകുന്ന കാരണം കാണിക്കൽ നോട്ടീസ്.

കൊല്ലം അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ്. ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കെമിസ്ട്രി തസ്തികയിൽ സേവനം അനുഷ്ഠിക്കവേ താങ്കൾ 20/01/2002 മുതൽ 20/07/2012 വരെ Appendix XII A KSR Part I പ്രകാരം ശൂന്യവേതനാവധിക്കുള്ള അപേക്ഷ സമർപ്പിച്ചശേഷം ലീവിൽ പ്രവേശിക്കുകയും ആയതിനുശേഷം 14/02/2005 തീയതിയിലെ GO (Rt) 642/2005/G.EDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താങ്കളുടെ ശൂന്യവേതനാവധി ഉത്തരവാകുകയും ചെയ്തു.

26/09/2012 മുതൽ 29/05/2017 വരേയും പിന്നീട് 26/09/2017 മുതൽ 25/09/2022 വരേയും താങ്കൾക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. 26/09/2022 മുതൽ വീണ്ടും 3 വർഷത്തേക്ക് കൂടി KSR Part 1 Appendix XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്ന് അപേക്ഷിച്ചതിൽ 30/12/2020 ലെ 83/2020/ധന നം. സർക്കുലറിലെ ഖണ്ഡിക (1) പ്രകാരം KSR Part 1 Appendix XII A, XIIC എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 തീയതി മുതൽ പ്രാബല്യത്തിൽ പരമാവധി 5 വർഷമായിരിക്കും എന്നും അവധി അവസാനിക്കുന്ന മുറയ്ക്ക്, അഥവാ 5 വർഷത്തിനു ശേഷം തിരികെ ജോലിക്ക് ഹാജരാകാതിരിക്കുന്ന പക്ഷം KSR Part 1 Appendix XII A ചട്ടം 9, XII C ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് ആയതുപ്രകാരം താങ്കൾക്ക് പാലക്കാട് മലമ്പുഴ ജി.എച്ച്.എസ്.എസ്. ൽ പുനപ്രവേശിക്കാൻ നിർദ്ദേശം നൽകിയിരുന്നു.

ജോലിയിൽ പുനഃപ്രവേശിക്കാത്തതിനാൽ അനധികൃത അവധിക്ക് **23/06/2023** ലെ എച്ച്.എസ്.ഇ/**1118/22**-എഡി ബി5 നമ്പർ പ്രകാരം ചാർജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ആയത് **20/07/2023** ൽ താങ്കൾ ഒപ്പിട്ടു സ്വീകരിച്ചെങ്കിലും പ്രതിവാദ പത്രിക സമർപ്പിക്കാത്തതിനാൽ ഫോർമൽ എൻക്വയറിയ്ക്കായി ഹയർ സെക്കൻഡറി പരീക്ഷ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ.സാജൻ കെ.എച്ച്. നെ നിയമിക്കുകയും **04/04/2024** ലെ റിപ്പോർട്ട് പ്രകാരം കുറ്റാരോപണ പത്രികയിൽ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾ വസ്തുതാപരമായതിനാൽ **KCS & CS Rules** പ്രകാരം ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തിരുന്നു.

മെമ്മോ ഓഫ് ചാർജസ് നൽകിയെങ്കിലും പ്രതിവാദ പത്രിക സമർപ്പിക്കാത്തതിനാൽ ചാർജ് മെമ്മോയും കുറ്റാരോപണ പത്രികയും സംബന്ധിച്ച് ഉള്ളടക്കം ചെയ്തിട്ടുള്ള വിൻഡോ അഡ്വർട്ടൈസ്മെന്റ് വൈഡ് പബ്ളിസിറ്റിയുള്ള കേരളത്തിലെ രണ്ട് മലയാള ദിനപത്രങ്ങളിലും **dhsekerala.gov.in** എന്ന വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ നാളിതുവരെയും താങ്കളുടെ ഭാഗത്ത് നിന്ന് യാതൊരുവിധ മറുപടിയും ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ **1960** ലെ **KCS (CC&A) Rule -** ന്റെ ചട്ടം **15** പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർ പ്പിക്കുവാൻ ഹയർ സെക്കൻഡറി വിഭാഗം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി. ഗീതു രാമചന്ദ്രൻ നെ നിയമിക്കുകയും ,ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്ക് നൽകിയ കുറ്റപത്രത്തിലെ ചാർജ് തെളിഞ്ഞതായും കണ്ടെത്തിയിരിക്കുന്നു.

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ശ്രീമതി ജിൻസി എസ് എന്ന താങ്കൾ അനധികൃത ഹാജരില്ലായ്മയിൽ ആണെന്ന് കാണുന്നു. താങ്കൾക്ക് സർവ്വീസിൽ തുടരാൻ താത്പര്യമില്ല എന്നത് താങ്കളുടെ അനധികൃത ഹാജരില്ലായ്മയിൽ നിന്നും വ്യക്തമാണ്. താങ്കൾക്ക് നൽകിയ കുറ്റപത്രത്തിലെ കുറ്റങ്ങൾ എല്ലാം തെളിഞ്ഞതിനാൽ **1960** ലെ **KCS (CC&A) Rules -** ലെ ചട്ടം **II (i) (vii)** – ലെ **Removal from service** എന്ന ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി **15** ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. താങ്കളുടെ വിശദീകരണം നിശ്ചിതസമയ

പരിധിക്കകം ലഭ്യമായിട്ടില്ലായെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കളെ നേരിൽ കേൾക്കണമെങ്കിൽ അക്കാര്യം വിശദീകരണത്തിൽ രേഖപ്പെടുത്തേണ്ടതാണ്. **12/05/2025** തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Shanavas S
Date: 15-07-2025 14:16:28

**പൊതുവിദ്യാഭ്യാസഡയറക്ടർ**